(ബി) (1) ചേർപ്പ്-ചിറ്റൂർമനറോഡ്.

(2) വലമുക്ക്-പോസ്റ്റ് ആഫീസ് റോഡ്.

(സി) (1) പാലക്കൽ പല്ലിശ്ശേരിപാറ കോവിൽ റോഡ്.

(2) ആവിണിശ്ശേരി റോഡ്.

(3) താന്ന്യം തോട്ടം റോഡ്.

(4) പെരിങ്ങോട്ട്കര ബോധാനന്ദ വായനശാല റോഡ്.

(5) ഉങ്ങിൻചുവട് വല്ലച്ചിറ കടലാശ്ശേരി റോഡ്.

(6) ആനക്കല്ല് ചങ്ങലഗേറ്റ് ബോട്ട് ജെട്ടി റോഡ്.

(7) പാലക്കൽ വികാറ്റുപുറം കോടന്നൂർ റോഡ്.

(8) കീഴ്പ്പള്ളിക്കര നളന്ദ സ്കൂൾ റോഡ്.

(9) ചേനം റോഡ്

(10) വല്ലച്ചിറ ഇളംകുന്ന് റോഡ്.

(11) തിരുവള്ളക്കാട് വല്ലച്ചിറ യു.പി. സ്കൂൾ റോഡ്.

(12) കോടന്നൂർ ചാക്യാർകടവ് റോഡ്.

(13) പഴുവിൽ എസ്. എൻ. റോഡ്.

(14) പെരിങ്ങോട്ട്കര കീഴ്പ്പള്ളിക്കര അഴിമാവ് റോഡ്.

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് ഹൈവേയിൽ പുതിയങ്ങാടി ഉള്ളിയേരി ഭാഗം വീതികൂട്ടാൻ നടപടി

68 [666] ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര റോഡുകൾ സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) നിലവിലുള്ള സ്റ്റേറ്റ് ഹൈവേ റോഡുകൾ വീതി കൂട്ടുവാനായി ഭൂമി വിലയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചു വരുന്നുണ്ടോ ;

(സി) എങ്കിൽ സ്റ്റേറ്റ് ഹൈവേ 38-ൽ പുതിയങ്ങാടി ഉള്ളിയേരി ഭാഗത്ത് വീതി കുറവുള്ള ഭാഗങ്ങൾ വീതികൂട്ടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 7 റോഡുകൾ

(ബി) റോഡ് വീതികൂട്ടുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണവും സർവ്വേ നമ്പരും മറ്റും നിർണ്ണയിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(സി) പ്രസ്തുത റോഡിന്റെ വീതികൂട്ടുന്നതിന് തൽക്കാലം പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

കെ. എസ്.റ്റി.പി. പദ്ധതി

69 [667] ശ്രീ. എം.എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. പദ്ധതിയിൽപ്പെടുത്തി ഏതെല്ലാം റോഡുകളുടെ പണിയാണ് നടത്തി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കായംകുളം-കാർത്തികപ്പള്ളി റോഡിന്റെ പണികൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കായംകുളം റ്റി.ബി. റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കായംകുളം റസ്റ്റ് ഹൗസിന്റെ സ്ഥലം വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ റോഡ് വികസനത്തിനായി കെ. എസ്.ടി.പി. 6 അപ്ഗ്രഡേഷൻ പദ്ധതികളും 36 ഹെവി മെയിന്റനൻസ് പദ്ധതികളുമാണ് ഏറ്റെടുത്തിട്ടുള്ളത്. റോഡുകളുടെ ലിസ്റ്റ് പ്രത്യേകം ചേർക്കുന്നു.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആയതിൽ കായംകുളം കാർത്തികപ്പള്ളി റോഡിന്റെ പണി ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

(സി) യും (ഡി) യും ഇക്കാര്യം പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

2004-05-ൽ മരാമത്ത് വകുപ്പ് ഏറ്റെടുത്ത വയനാട് നിയോജകമണ്ഡലത്തിലെ റോഡുകൾ

70 [668] ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേ വയനാട് നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെങ്കിലും റോഡ് 2004-05-ൽ മരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly